# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1091** 06.06.2018 ലെ മറുപടി

## ജലാശയങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.പി. ഉണ്ണി**

(എ) സംസ്ഥാനത്തെ നദികൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ, തടാകങ്ങൾ എന്നിവ മലിനമാക്കുന്നത് തടയുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വിശദമാക്കാമോ;

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) 2017-18 സാമ്പത്തിക വർഷം 536 കുളങ്ങൾ ശുചിയാക്കി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയുണ്ടായി. ഇതിനു പുറമേ തൊഴിലുറപ്പ് പദ്ധതിയിൽക്കൂടെയും ജലസ്രോതസ്സുകൾ വൃത്തിയാക്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി കുളങ്ങൾ/ തോടുകൾ/പുഴകൾ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കാനും നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തി ശിക്ഷ കർശനമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമം ഭേദഗതി ചെയ്തു കൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഓർഡിനൻസ് പ്രകാരം ജലമലിനീകരണം നടത്തുന്നവർക്കുള്ള തടവു ശിക്ഷ മൂന്നു വർഷം വരെയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒപ്പം പിഴ രണ്ടു ലക്ഷം രൂപവരെയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രം നടത്തിയ പരിസ്ഥിതി നിരീക്ഷണ കർമ്മപരിപാടിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂക്ഷമായി മലിനീകരിക്കപ്പെട്ട പതിനൊന്ന് പുഴകളും (പമ്പ, മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപ്പട്ടണം, കല്ലട, അച്ചൻകോവിൽ, മണിമല, മൂവാറ്റുപുഴ, ചാലക്കുടി) 3 കായലുകളും തിരഞ്ഞെടുക്കുകയും ഈ പുഴകളും കായലുകളും വൃത്തിയാക്കുവാനും തുടർ മലിനീകരണം തടയുവാനുമുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കുവാനുമായിട്ടുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിൽ ഉൾപ്പെടുത്തി കൺസൾട്ടൻസി സർവ്വീസ് ഏർപ്പെടുത്തുവാനുമുള്ള ദർഘാസ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

| | | | |
|---|---|---|---|
| (ബി) | ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുകുളങ്ങളും പൊതുകിണറുകളും ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ വിവരശേഖരണം നടത്തി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി/ജലസംരക്ഷണത്തിന്റെ ഭാഗമായുള്ള നീർത്തടപ്ലാനുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കി വരുന്നു. പ്രസ്തുത രേഖ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സമിതികൾ ഇതിനകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഓരോ ചെറുനീർത്തടത്തിലും വരുന്ന എല്ലാ ജലസ്രോതസ്സുകളെയും സംബന്ധിച്ച വിവരം ഉൾക്കൊള്ളുന്നതാകും നീർത്തടപ്ലാൻ. ഈ രേഖ പൂർത്തിയാകുന്ന മുറയ്ക്ക് ഒറ്റപ്പാലം മണ്ഡലത്തിൽ വരുന്ന കുളങ്ങൾ, പൊതുകിണറുകൾ, തോടുകൾ, ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാകും. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വകാര്യ പൊതു കിണറുകൾ, കുളങ്ങൾ, മറ്റ് ജല സ്രോതസ്സുകൾ എന്നിവ റീ ചാർജ്ജ് ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | ജലസേചന കനാലുകൾ വഴി ലഭിക്കുന്ന ജലം സമീപത്തുള്ള കുളങ്ങൾ റീ-ചാർജ് ചെയ്യുന്നതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി സമീപത്തുള്ള കിണറുകളിലെ ജലനിരപ്പ് ഉയർന്നതായി/സ്ഥായിയായി നിലനിൽക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്. കിണറുകൾ റീ-ചാർജ് ചെയ്യുന്ന പ്രവർത്തനം തൊഴിലുറപ്പ് പദ്ധതി, ഭൂജല വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവർ മുഖേനയാണ് നിർവ്വഹിച്ച് വരുന്നത്. |

**സെക്ഷൻ ഓഫീസർ**